**07/10/2020**
**പത്രക്കുറിപ്പ്**

# 'കുടുംബശ്രീ അതിജീവനം ക്യാമ്പെയ്ൻ'
# നൂറു ദിനം കൊണ്ട് 15000 പേർക്ക് തൊഴിൽ

### മന്ത്രിമാരായ ഡോ.തോമസ് ഐസക്, എ.സി മൊയ്തീൻ എന്നിവരുടെ നേതൃത്വത്തിൽ ഓൺലൈൻ സംവാദം

തിരുവനന്തപുരം: നൂറു ദിവസം കൊണ്ട് 15,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന അതിജീവനം ക്യാമ്പയിന്റെ ഭാഗമായി ധനവകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ എന്നിവർ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ, അക്കൗണ്ടന്റുമാർ എന്നിവരുമായി ഓൺലൈൻ സംവാദം നടത്തി. കഴിഞ്ഞ മാസം 15ന് ആരംഭിച്ച ക്യാമ്പെയ്ന്റെ ഭാഗമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സിഡിഎസുകൾ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതിയും ഭാവി പരിപാടികളുമാണ് മന്ത്രിമാർ വിലയിരുത്തിയത്. ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത സിഡിഎസുകളുടെ ചെയർപേഴ്സൺമാരാണ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിച്ചത്.

മന്ത്രിമാർ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ എന്നിവരുമായി നടത്തിയ ഓൺലൈൻ ചർച്ചയിൽ നിന്നും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ആവശ്യമായി വരുന്ന നിർമാണ പ്രവർത്തനങ്ങൾ, ഹരിത സംരംഭങ്ങൾ എന്നിവയുമായെല്ലാം ബന്ധപ്പെടുത്തി നിരവധി പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സർക്കാർ പ്രഖ്യാപിച്ച 100 ദിവസങ്ങൾ 100 പദ്ധതികൾ-പരിപാടിയുടെ ഭാഗമായി 100 ദിവസം കൊണ്ട് 50,000 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജിതമായി നടപ്പാക്കി വരികയാണ്. ഇതിൽ കുടുംബശ്രീ മുഖേന 15,000 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനതലത്തിൽ അതിജീവനം ക്യാമ്പെയ്ൻ സംഘടിപ്പിക്കുന്നത്. സർക്കാരിന്റെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം-ലീപ് പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 15 ന് ആരംഭിച്ച ഈ ക്യാമ്പെയ്ൻ വഴി ഇതുവരെ പതിനായിരത്തോളം പേർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

പ്രളയവും കോവിഡും ഏൽപ്പിച്ച മാന്ദ്യത്തെ അതിജീവിക്കുന്നതിനുള്ള സർക്കാരിന്റെ പരിശ്രമങ്ങളുടെ ഭാഗമായാണ് നൂറു ദിനം കൊണ്ട് 50000 പേർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിയെന്നും ഇതിൽ 15000 പേർക്ക് തൊഴിൽ നൽകാൻ കുടുംബശ്രീയെ ഏൽപിച്ചത് ഏറ്റവും ഫലപ്രദമായ രീതിയിൽ അതു നടപ്പാക്കുമെന്ന ഉറപ്പുള്ളതു കൊണ്ടാണെന്നും ധനമന്ത്രി ഡോ.തോമസ് ഐസക് പറഞ്ഞു. പഞ്ചായത്തിന്റെ തൊഴിൽദാന പദ്ധതികൾ കുടുംബശ്രീ സിഡിഎസുകൾ ഏറ്റെടുത്ത് നടപ്പാക്കണം. പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയനുസരിച്ച് തുടങ്ങാനാവുന്ന സംരംഭങ്ങൾക്ക് മുൻതൂക്കം നൽകി ആ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. അതിജീവനം ക്യാമ്പെയ്നുമായി ബന്ധപ്പെട്ട് ഓരോ സിഡിഎസിലും പരമാവധി പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും നൽകിയിട്ടുള്ള നിർദേശങ്ങൾ സിഡിഎസ്തലത്തിൽ ചർച്ച ചെയ്യണം. ഓരോ സിഡിഎസും നൂറു ദിവസങ്ങൾ കൊണ്ട് 15 പേർക്കെങ്കിലും തൊഴിലവസരം കണ്ടെത്തി നൽകണം. പ്രളയത്തിനും കോവിഡ് മഹാമാരിക്കുമൊപ്പം നേരിടേണ്ടി വന്ന പ്രതിസന്ധിഘട്ടങ്ങളിൽ, തൊഴിലും വരുമാനവും നഷ്ടപ്പെട്ട കുടുംബശ്രീ കുടുംബങ്ങളിലേക്ക് അവരുടെ അതിജീവനം സാധ്യമാക്കുന്നതിനായി വേഗം പണമെത്തിക്കുന്ന ഒരു ബാങ്കായി പ്രവർത്തിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. 2000 കോടി രൂപ പലിശരഹിത വായ്പയായി നല്കുന്ന

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി, പ്രളയകാലത്ത് നടപ്പാക്കിയ ഡിസ്കൗണ്ട് പർച്ചേസ് സ്കീം തുടങ്ങിയ ജനോപകാരപ്രദമായ പദ്ധതികൾ ഇതിനുദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

അതിജീവനം ക്യാമ്പെയ്നുമായി ബന്ധപ്പെട്ട് 15000 പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്തു കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ പറഞ്ഞു. തൊഴിലവസരങ്ങൾക്ക് പശ്ചാത്തലമൊരുക്കാൻ ഭാവനാപൂർണമായ കാര്യങ്ങൾ നടപ്പാക്കണം. തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടു വരുന്നവർക്കാവശ്യമായ വായ്പ, സബ്സിഡി, തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണ എന്നിവ ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങളുമായി കോർത്തിണക്കുന്നതിനും സിഡിഎസുകൾക്ക് കഴിയണം. ഏതു പ്രതിസന്ധിഘട്ടത്തിലും ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനും അതിന്റെ ഗുണഫലങ്ങൾ അർഹരിലേക്ക് എത്തിക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിൽ രണ്ട് പ്രളയവും കോവിഡ് മഹാമാരിയും ഉൾപ്പെടെ വിവിധ പ്രതിസന്ധികൾ അതിജീവിച്ചുകൊണ്ടാണ് ഏറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുടുംബശ്രീക്ക് സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.

ക്യാമ്പെയ്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയ മന്ത്രിമാർ ഇരുവരും ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ എന്നിവരെ അഭിനന്ദിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ അതിജീവനം ക്യാമ്പെയ്നുമായി ബന്ധപ്പെട്ട മുഖ്യപ്രഭാഷണം നടത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ